## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.4146

20/03/2018-ൽ മറുപടിയ്ക്ക്

### സമ്പൂർണ്ണ പാർപ്പിടപദ്ധതിയായ ലൈഫ് മിഷൻ

| ചോദ്യം<br>ശ്രീ.പി.കെ. ശശി | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് മിഷൻ നിലവിൽ വന്നശേഷം ഭവന നിർമ്മാണ ധനസഹായം എത്രപേർക്ക ലഭ്യമാക്കിയെന്നും, എത്ര അപേക്ഷകൾ മിഷന്റെ കൈവശമുണ്ടെന്നും, ആയത് എപ്പോൾ പരിഗണിക്കുമെന്നും വിശദമാക്കാമോ; ഈ സർക്കാർ കാലയളവിൽ പ്രസ്തുത പദ്ധതി പ്രകാരം ചെലവായ തുക എത്ര; | (എ) | പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം നടത്തുന്നതിനാണ് ലൈഫ് മിഷൻ 2017-18 സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ടിരിക്കുന്നത്. വിവിധ വകുപ്പുകൾ പ്രകാരം ആനുകൂല്യം ലഭ്യമാക്കിയിട്ടും വീട്ടുകൾ പൂർത്തീകരിക്കാൻ കഴിയാത്ത 66750 ഗുണഭോക്താക്കൾക്ക് (ജനറൽ/പട്ടിക ജാതി വിഭാഗം) 4 ലക്ഷം രൂപയുടെ ആനുപാതിക വർദ്ധനവ് നൽകിയും പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് യഥാർത്ഥ നിർമ്മാണ ചെലവ് നൽകിയും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി ഗുണഭോക്താക്കളിൽ ആദ്യ ഗഡുവായി 51589 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ ഇതിൽ 12352 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു.<br><br>പുതുതായി ഭവന നിർമ്മാണ ധനസഹായം ലഭ്യമാക്കുന്നതിലേക്കായി കുടുംബശ്രീ മുഖാന്തിരം വിപുലമായ സർവ്വേ നടത്തുകയും പ്രസ്തുത പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി അർഹതയുടെ അടിസ്ഥാനത്തിൽ ആവശ്യമായ കൂട്ടിച്ചേർ |

| | | | |
|---|---|---|---|
| | | | ക്കലുകളും ഒഴിവാക്കലുകളും വരുത്തുന്നതിനുള്ള അനുമതിയും ലഭ്യമാക്കിയിട്ടുണ്ടായിരുന്നു. ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് ലൈഫ് മിഷൻ നേരിട്ട് അപേക്ഷ ക്ഷണിച്ചിരുന്നില്ല. ലൈഫ് മിഷന്റെ ആദ്യ ഘട്ടമായ "പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം" മാർച്ച് 31 ന് മുമ്പ് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൻ പ്രകാരം MIS കണക്കനുസരിച്ച് 1,15,52,20,959/- രൂപ വിനിയോഗിച്ചിട്ടുണ്ട്. |
| (ബി) | ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ എത്ര ഭൂരഹിത - ഭവന രഹിത കുടുംബങ്ങളെയാണ് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഷൊർണൂർ നിയോജകമണ്ഡലത്തിൽ 1131 ഭൂരഹിത ഭവനരഹിത കുടുംബങ്ങളാണ് ലൈഫ് പദ്ധതിയിലുൾപ്പെട്ടിട്ടുള്ളത്. അയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | ഭൂരഹിതർ | ഭവനരഹിതർ |
|---|---|---|
| ഷൊർണ്ണൂർ | 423 | 2 |
| അനങ്ങനടി | 22 | 76 |
| ചളവറ | 116 | 121 |
| ചെർപ്പുളശ്ശേരി | 215 | 65 |
| നെല്ലായ | 140 | 97 |
| തൃക്കടീരി | 96 | 90 |
| വാണിയംകുളം | 101 | 94 |
| വെള്ളിനേഴി | 18 | 55 |
| **ആകെ** | **1131** | **600** |

സെക്ഷൻ ഓഫീസർ